**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1517** **16-10-2026-ൽ മറുപടിയ്ക്ക്**

**സിവിൽ സർവീസ് അക്കാദമി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് സിവിൽ സർവീസ് അക്കാദമിയുടെ കീഴിൽ എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെന്നും ഏതെല്ലാം കോഴ്സുകളാണ് നടത്തിവരുന്നതെന്നും വ്യക്തമാക്കാമോ;

**മറുപടി:** കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ കേന്ദ്രങ്ങൾ തിരുവനന്തപുരം, കൊല്ലം, കോന്നി, ചെങ്ങന്നൂർ, കോട്ടയം(ഓൺലൈൻ), ഇടുക്കി (ഓൺലൈൻ), ആലുവ, ഇരിങ്ങാലക്കുട, ആളൂർ, പാലക്കാട്, പൊന്നാനി, കോഴിക്കോട്, വയനാട് (ഓൺലൈൻ), കല്യാശ്ശേരി, കാഞ്ഞങ്ങാട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു. അക്കാഡമിയുടെ തിരുവനന്തപുരം, കൊല്ലം, ആലുവ, പാലക്കാട്, പൊന്നാനി, കോഴിക്കോട്, കല്യാശ്ശേരി എന്നീ കേന്ദ്രങ്ങളിൽ സിവിൽ സർവ്വീസ് പ്രിലിംസ് കം മെയിൻസ് (പി.സി.എം - റഗുലർ & വീക്കെൻഡ്), സിവിൽ സർവ്വീസ് ഓപ്ഷണൽ വിഷയങ്ങളുടെ ക്ലാസ്സുകൾ, റിപ്പീറ്റേഴ്സ് ബാച്ച്, സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സസ്, ടാലന്റ് ഡെവലപ്മെന്റ് കോഴ്സ് എന്നീ കോഴ്സുകളും, മറ്റുള്ള കേന്ദ്രങ്ങളിൽ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്, ടാലന്റ് ഡെവലപ്മെന്റ് കോഴ്സ് എന്നിവയും നടത്തിവരുന്നു.

**(ബി)** ഓരോ കേന്ദ്രത്തിലും ആകെയുള്ള സീറ്റുകളുടെ എണ്ണവും നിലവിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സിവിൽ സർവ്വീസ് അക്കാഡമിയുടെ ഓരോ കേന്ദ്രത്തിലും ആകെയുള്ള സീറ്റുകളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടില്ല. നിലവിൽ അക്കാഡമിയിൽ അഡ്മിഷൻ എടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പരിശീലനം നൽകി വരുന്നു. അക്കാഡമിയുടെ ഓരോ കേന്ദ്രത്തിലും നിലവിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.

**(സി)** കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത്;

**മറുപടി:** എല്ലാ ജില്ലയിലുമുള്ള സിവിൽ സർവ്വീസ് അക്കാഡമി കേന്ദ്രങ്ങളുടെ പരിധിയിലുള്ള സ്കൂളുകളിലും കോളേജുകളിലും ഓറിയന്റേഷൻ ക്ലാസുകൾ നടത്തിയും വിദ്യാർത്ഥികളെ സിവിൽ സർവ്വീസ് പരിശീലനത്തിന് പ്രവേശിപ്പിച്ചുവരുന്നു. കൂടാതെ ഓരോ വർഷവും കോഴ്സുകൾ ആരംഭിയ്ക്കുമ്പോൾ പത്രങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും, സോഷ്യൽ മീഡിയകളിലും പരസ്യങ്ങൾ നൽകി വരുന്നു.

**(ഡി)** ചെങ്ങന്നൂർ സിവിൽ സർവീസ് അക്കാദമി ഉപകേന്ദ്രത്തിൽ പ്രധാന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്

**(ഇ)** ഉപകേന്ദ്രത്തിലെ സൗകര്യങ്ങൾ പരിഗണിച്ച് വിദേശഭാഷാ പഠനകേന്ദ്രം കൂടി ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

# KERALASTATE CIVIL SERVICE ACADEMY

## Admission Details

| Academy Centre | PCM April | PCM June | PCM September | PCM Weekend | TDC Regular | CSFC Regular |
|---|---|---|---|---|---|---|
| Thiruvananthapuram | 51 | 22 | 18 | 32 | 23 | 29 |
| Kollam | 21 | 11 | - | 6 | 10 | 6 |
| Chengannur | - | - | - | - | 9 | 6 |
| Konni | - | - | - | - | 10 | 6 |
| Aluva | 16 | 12 | 2 | 14 | 10 | 20 |
| Aloor | - | - | - | - | 5 | 7 |
| Palakkad | 33 | 1 | - | 1 | 19 | 14 |
| ICSR Ponnani | 17 | 12 | - | 7 | 31 | 19 |
| Kozhikode | 31 | 5 | - | 1 | 12 | 6 |
| Kalliassery | 16 | 2 | - | 2 | 6 | 3 |
| Kanhangad | - | - | - | - | 14 | 5 |
| ONLINE | | | - | 13 | 35 | 10 |
| **TOTAL** | **185** | **65** | **20** | **76** | **184** | **131** |